**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 209** **23-08-2022 - ൽ മറുപടിയ്ക്ക്**

**വെൺപകൽ ആശുപത്രിയിലെ ഐസൊലേഷൻ വാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര വെൺപകൽ ആശുപത്രിയിൽ 10 കിടക്കകൾ ഉള്ള ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് പൂർത്തികരിച്ചതെന്ന് വിശദമാക്കുമോ; | (എ) | 26.07.2021- ലെ സർക്കാർ ഉത്തരവ് നമ്പർ GO(Rt)1555/2021/H&FWD പ്രകാരം 10 കിടക്കകൾ ഉള്ള ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിന് നെയ്യാറ്റിൻകര നിയോജക മണ്ഡല ത്തിൽ വെൺപകൽ ആരോഗ്യ കേന്ദ്രം പരിഗണിക്കുകയും ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനായി M/s. തൃശ്ശൂർ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് കോപ്പറേറ്റീവ് സൊസൈറ്റി-ക്ക് 17.06.2022 ന് KMSCL പ്രവർത്തി ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രദേശത്ത് തടസ്സമായി നിന്ന മരങ്ങൾ മുറിച്ചുമാറ്റിയിട്ടുണ്ട്. പദ്ധതി പ്രദേശത്തുള്ള കാലപ്പഴക്കം ചെന്ന കെട്ടിടം പൊളിച്ചു മാറ്റുന്ന മുറയ്ക്ക് ടി സ്ഥലം നിർവ്വഹണ ഏജൻസിയായ കെ.എം.എസ്.സി. എൽ- ന് നിർമ്മാണ പ്രവർത്തനങ്ങൾ ക്കായി കൈമാറുന്നതാണ്. |
| (ബി) | ഐസൊലേഷൻ വാർഡ് പൂർത്തികരിക്കുന്നതിന് എത്ര തുകയാണ് വിനിയോഗിക്കുന്നതെന്നും പ്രവൃത്തി ചെയ്യുന്ന ഏജൻസി ഏതെന്നും വ്യക്തമാക്കുമോ; | (ബി) | 26.07.2021-ലെ സർക്കാർ ഉത്തരവ് നമ്പർ GO(Rt)1555/2021/H&FWD പ്രകാരം എം.എൽ. എ.മാരുടെ ആസ്തിവികസന ഫണ്ടും കിഫ്ബി ഫണ്ടും (50% MLA ഫണ്ടും 50% കിഫ്ബി ഫണ്ടും) ഉപയോഗിച്ച് ഒരു ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്ന തിനായി ഒരു കോടി എഴുപത്തൊമ്പത് ലക്ഷം രൂപയാണ് കണക്കാക്കിയിട്ടുള്ളത്. M/s. തൃശ്ശൂർ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് കോപ്പറേറ്റീവ് സൊസൈറ്റിയ്ക്കാണ് ആദ്യ ഘട്ട നിർമ്മാണ കരാർ നൽകിയി രിക്കുന്നത് |
| (സി) | പ്രവൃത്തി ആരംഭിച്ചതിൽ കാലതാമസം ഉണ്ടായതിന്റെ കാരണവും ഭരണാനുമതി നൽകിയത് ഏതു വർഷത്തിൽ ആണെന്നും വിശദമാക്കാമോ? | (സി) | 26.07.2021-ലെ സർക്കാർ ഉത്തരവ് നമ്പർ GO(Rt)No.1555/2021/H&FWD പ്രകാരമാണ് ഐസോലേഷൻ വാർഡ് നിർമ്മാണ ത്തിന് ഭരണാനുമതി നൽകിയിരുന്നത്. |

| | | | |
|---|---|---|---|
| | | | നെയ്യാറ്റിൻകര നിയോജക മണ്ഡല ത്തിൽ വെൺപകൽ ആരോഗ്യകേന്ദ്രം പരിഗണിക്കുകയും പദ്ധതി പ്രദേശത്ത് തടസ്സമായി നിന്നിരുന്ന ഉപയോഗ ശൂന്യമായ കെട്ടിടം പൊളിച്ചു മാറ്റുന്നതിനും മരങ്ങൾ മുറിച്ചുമാറ്റുന്നതുമടക്കമുള്ള തടസ്സങ്ങൾ നീക്കേണ്ടിവന്നതുമൂലമാണ് പ്രവൃത്തി ആരംഭിച്ചതിൽ കാലതാമസം ഉണ്ടായത്. |

സെക്ഷൻ ഓഫീസർ